# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2603 18.08.2017 ൽ മറുപടിക്ക്**

**ദേവികുളം മണ്ഡലത്തിലെ മൂന്നാറിൽ പ്രവർത്തിക്കുന്ന റെസ്റ്റ് ഹൗസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ പ്രവർത്തിക്കുന്ന പി. ഡബ്ല്യൂ. ഡി. റെസ്റ്റ് ഹൗസ് 'മെർമേഡ്' എന്ന പേരിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 27.12.2002 ലെ എഗ്രിമെന്റ് പ്രകാരം മൂന്നാർ റസ്റ്റ് ഹൗസ് മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡ്, മെർമേയ്ഡ് കോംപ്ലക്സ്, കണിയാപുഴ റോഡ്, വൈറ്റില, കൊച്ചിൻ എന്ന സ്ഥാപനത്തിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരിക്കുകയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം ആണ് റസ്റ്റ് ഹൗസിന് മെർമേയ്ഡ് എന്ന പേര് നൽകിയിരിക്കുന്നത്. |
| (ബി) | എങ്കിൽ ഈ പേരുമാറ്റം സർക്കാരിന്റെ അറിവോടെയാണോയെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | സർക്കാരിന്റെ അറിവോടുകൂടിയാണ് മെർമേയ്ഡ് എന്ന പേര് നൽകിയിരിക്കുന്നത്. |
| (സി) | അല്ലെങ്കിൽ ആയത് പരിശോധിച്ച് ആവശ്യമായ അനന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | |

Omaden

**സെക്ഷൻ ഓഫീസർ**